ഉത്തരം

തമിഴ്നാട് കർണ്ണാടകാ അതിർത്തി പ്രദേശങ്ങളിലുള്ള വന്യജീവിസങ്കേതങ്ങളിൽനിന്നും മറ്റു വനപ്രദേശങ്ങളിൽനിന്നും വന്യജീവികളും കുടിവെള്ളവും മേച്ചിൽസ്ഥലങ്ങളും അന്വേഷിച്ച് കേരളത്തിൽ വരുന്നതുപോലെ കേരളത്തിൽനിന്നും ആ സംസ്ഥാനങ്ങളിലേക്കും പോകുന്നുണ്ട്.

വന്യജീവി സങ്കേതങ്ങൾ

1271 [2295] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ടി. കുമാരൻ:
,, പി. കുമാരൻ:
,, കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ആരംഭിച്ചിട്ടുള്ള വന്യജീവിസങ്കേതങ്ങൾ ഏതെല്ലാം;

(ബി) അവയുടെ ഓരോന്നിൻെറയും വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി)

വന്യജീവി സങ്കേതത്തിൻെറ പേര്		വിസ്തീർണ്ണം	
1.	വയനാട്	344	ച.കി.മീ.
2.	പാമ്പിക്കുളം	285	,,
3.	പീച്ചി–വാഴാനി	125	,,
4.	ഇടുക്കി	70	,,
5.	നെയ്യാർ	128	,,
6.	പേപ്പാറ	53	,,
7.	ചെന്തുരുണി	100.32	,,
8.	ചിന്നാർ	90.44	,,
9.	ചിമ്മിനി	10	,,
10.	ആറളം	55	,,
11.	തട്ടേക്കാട്	25	,,
12.	പെരിയാർ	777	,,
13.	ഇരവികുളം	97	,,
14.	സൈലൻറ് വാലി	89.5	,,

വനംവകുപ്പിൻെറ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ കൂട്ടിയിണക്കാൻ നടപടി

1272 [2296] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ:
,, കെ. പി. പ്രഭാകരൻ:
,, വി. കെ. രാജൻ:
ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യത്തിന് വനം വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

വനം വകുപ്പിൽ വനവിഭാഗം, വന്യജീവിവിഭാഗം, സാമൂഹ്യ വനവൽക്കരണ വിഭാഗം എന്നിവകളും, വനം വികസന കോർപ്പറേഷനും നടത്തുന്ന പ്രവർത്തനങ്ങൾ കൂട്ടിയിണക്കാൻ എന്തു സംവിധാനമാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വനം വകുപ്പിന്റെ കീഴിലുള്ള ഓരോ വിഭാഗത്തിന്റെയും കോർപ്പറേഷന്റെയും പ്രവർത്തനമേഖലകളും വ്യത്യസ്തങ്ങളാണ്. താഴെ തലത്തിൽ ഇവയുടെ പ്രവർത്തനങ്ങളും കൂട്ടി ഇണക്കുവാൻ പ്രത്യേക സംവിധാനം ഇല്ല. പ്രവർത്തന രംഗത്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അവ ഉയർന്ന നിലവാരത്തിലുള്ള ഉദ്യോഗസ്ഥൻമാർ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുകയാണ് പതിവ്. പൊതുവിൽ മുഖ്യവന പാലകൻമാരും ഗവൺമെന്റും ആണ് കൂട്ടിയിണക്കുന്നത്.

വനം വകുപ്പിലെ വിവിധ പ്രവർത്തനങ്ങൾ

1273 [2297] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:

,, കാനം രാജേന്ദ്രൻ:

,, കെ. ടി. കണാരൻ:

,, കെ. ആർ. ചന്ദ്രമോഹനൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം, വന വിഭാഗം, വന്യജന്തു വിഭാഗം എന്നീ വിവിധ മേഖലകളുടെ ജോലിയെപ്പറ്റി വിവരിക്കുമോ; ഓരോന്നിന്റെയും ചുമതലകൾ എന്തെന്നു വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾ പ്രകൃതിദത്ത വനത്തിനുള്ളിൽ നടത്താൻ സാമൂഹ്യവന വിഭാഗത്തിന് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) വിവിധ ഇനങ്ങൾക്കായി ഇതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ പ്രധാനചുമതല വനഭൂമികളിലും വനേതര ഭൂമികളിലും വിറക്, പച്ചിലവളം, കാലിത്തീറ്റ തുടങ്ങിയവയ്ക്ക് പറ്റിയ മരങ്ങളും കൂടുതലായി വളർത്തുകയും, വന സംരക്ഷണത്തേയും വനവൽക്കരണത്തേയും പറ്റി ജനങ്ങളെ ബോധവാൻമാരാക്കുകയും ചെയ്യുകയാണ്. ആർ.എൽ.ഇ.ജി.പി., എൻ. ആർ. ഇ. പി., ലോകബാങ്ക് പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സർക്കാർ ഭൂമിയിൽ വിറകു മരത്തോട്ടങ്ങളും ഉൾപ്പെടെയുള്ള വനം വച്ചുപിടിപ്പിക്കുന്ന പരിപാടിയും ഈ വിഭാഗത്തിന്റെ ചുമതലയിൽ നടത്തിവരുന്നു.

വനവിഭാഗത്തെ നാല് ടെറിട്ടോറിയൽ സർക്കിളുകളായും ഒരു നിക്ഷിപ്ത വനം സർക്കിളായും ഒരു വർക്കിംഗ് പ്ലാൻ റിസർച്ച് സർക്കിളായും വിഭജിച്ചിട്ടുണ്ട്. വനസംരക്ഷണം, വനവിഭവശേഖരണവും വിപണനവും, പുതിയ തോട്ടങ്ങൾ നട്ടുപിടിപ്പിക്കുക എന്നിവയാണ് ടെറിട്ടോറിയൽ സർക്കിളുകളുടെ ചുമതലകൾ. നിക്ഷിപ്തവനം സർക്കിളിന് 1971–ലെ ആക്ട് 26 പ്രകാരം സർക്കാർ ഏറ്റെടുത്ത സ്വകാര്യ വനഭൂമികളുടെ സംരക്ഷണവും ആ ഭൂമികളിൻമേൽ പഴയ ഉടമകൾ കൊണ്ടു വന്നിട്ടുള്ള അവകാശങ്ങളെ സംബന്ധിച്ച കേസ്സുകളുടെ നടത്തിപ്പുമാണ് നിക്ഷിപ്തവനം സർക്കിളിന്റെ ചുമതലകൾ. വർക്കിംഗ് പ്ലാൻ ആൻറ് റിസർച്ച് സർക്കിൾ, വനം ഡിവിഷനുകളുടെ പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly